(ബി) പ്രസ്തുത മണ്ഡലത്തിൽ 2016 മുതൽ 2021 മാർച്ച് വരെ ഏതൊക്കെ ക്ഷീര സംഘങ്ങൾക്ക് സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്; അവയുടെ പേരു വിവരവും നൽകിയ തുകയും അറിയിക്കാമോ?

നെയ്യാറ്റിൻകര മണ്ഡലത്തിൽ നെയ്യാറ്റിൻകര നഗരസഭയിലും അതിയന്നൂർ, ചെങ്കൽ, തിരുപുറം, കാരോട്, കുളത്തൂർ എന്നീ പഞ്ചായത്തുകളിലുമായി 38 ക്ഷീര സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സംഘങ്ങളുടെ വിശദാംശങ്ങളും, സർക്കാർ ധനസഹായം നൽകിയതിന്റെ വിശദാംശങ്ങളും അനുബന്ധം-1 ആയി ഇതോടൊപ്പം ചേർക്കുന്നു*.

മങ്കട മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ

333(1318) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന് കീഴിൽ മങ്കട മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കാമോ?

(1) കന്നുക്കുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി കന്നുക്കുട്ടികൾക്കുള്ള തീറ്റ വിതരണം

(2) 2018 -ലെ പ്രളയ ആനുകൂല്യം ലഭിച്ച കർഷകർക്കായി പ്രളയ പുനരുജ്ജീവന പാക്കേജ് പ്രകാരമുള്ള RKI പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന തൊഴുത്ത് നിർമ്മാണം, താറാവ് വളർത്തൽ പദ്ധതി.

(ബി) ഈ സാമ്പത്തിക വർഷം പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

1. കൊമേഴ്സ്യൽ ഗോട്ടറി

2. പോത്തുക്കുട്ടി പരിപാലനം

3. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്

4. കറവയന്ത്രം വാങ്ങൽ പദ്ധതി

5. ജൈവ മാലിന്യങ്ങൾ വളമാക്കി മാറ്റൽ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly